**കേരള സർക്കാർ**

<u>സംഗ്രഹം</u>

**തദ്ദേശ സ്വയംഭരണ വകുപ്പ് - മുത്തോലി, അകലകുന്നം, കൊഴുവനാൽ ഗ്രാമ പഞ്ചായത്തുകളിൽ എ. ആർ. ഡബ്ല്യൂ.എസ്.എസ് കുടിവെള്ള പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. പാല സബ്കോടതിയുടെ LAR 22/94 –ാം നമ്പർ കേസിൻമേലുള്ള ഇ.പി. 52/2009-ാം നമ്പർ വിധി പ്രകാരമുള്ള പഞ്ചായത്ത് വിഹിതം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം. 1284/2012/തസ്വഭവ　　　　തീയതി, തിരുവനന്തപുരം, 5-5-2012

---

**പരാമർശം :-**

1. കേരള വാട്ടർ അതോറിറ്റി എം.ഡി.യുടെ 16-7-2011-ലെ KWA/JB/LS3-1018/2009 –ാം നമ്പർ കത്ത്
2. അകലകുന്നം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 26-8-2011-ലെ 111-ാം നമ്പർ തീരുമാനം
3. മുത്തോലി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 29-8-2011-ലെ IV-ാം നമ്പർ തീരുമാനം
4. കൊഴുവനാൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 11-10-2011-ലെ V-ാം നമ്പർ തീരുമാനം
5. തദ്ദേശ സ്വയംഭരണ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 20-3-2012-ലെ 3.38-ാം നമ്പർ തീരുമാനം

### <u>ഉത്തരവ്</u>

കേരള വാട്ടർ അതോറിറ്റി, എ. ആർ. ഡബ്ല്യൂ.എസ്.എസ് പദ്ധതി പ്രകാരം മുത്തോലി, അകലകുന്നം, കൊഴുവനാൽ ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് പമ്പ് ഹൗസ് നിർമ്മിക്കുന്നതിനായി മുത്തോലി കാർമലൈറ്റ് കോൺവെന്റ് മദർ സുപ്പീരിയറിന്റെ ഉടമസ്ഥതയിലുള്ള പുലിയന്നൂർ വില്ലേജിലെ സർവ്വെ നം. 275/13-1, 275/13-2, 276/1എ-18 എന്നിവയിൽപ്പെട്ട 75 സെന്റ് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു.പാലാ സബ്കോടതിയുടെ എൽ.എ.ആർ 22/94 –ാം നമ്പർ കേസിൻമേലുള്ള ഇ.പി. 52/2009-ാം നമ്പർ കേസിലെ വിധി പ്രകാരം വിധി തുക കെട്ടിവയ്ക്കുന്നതിന് ടി ഓരോ പഞ്ചായത്തുകളുടെയും വിഹിതമായ 20,65,697/- രൂപ (ഇരുപത് ലക്ഷത്തി അറുപത്തി അയ്യായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപാ മാത്രം) വീതം നൽകുന്നതിന് ടി പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകണമെന്ന് പരാമർശം (1) പ്രകാരം കേരള വാട്ടർ അതോറിറ്റി എം.ഡി. സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2) പഞ്ചായത്തുകളുടെ ധനസ്ഥിതി മോശമായതിനാൽ കോടതിവിധി പ്രകാരമുള്ള പഞ്ചായത്ത് വിഹിതം വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനായി സർക്കാരിൽ നിന്നും പ്രത്യേക ധനസഹായം നൽകണമെന്ന് മുത്തോലി, അകലകുന്നം, കൊഴുവനാൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതികൾ യഥാക്രമം പരാമർശം (2), (3), (4) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 1993-ലെ എ. ആർ. ഡബ്ല്യൂ.എസ്.എസ് കുടിവെള്ള പദ്ധതിയ്ക്കായി പുലിയന്നൂർ വില്ലേജിലെ സർവ്വെ നം. 275/13-1, 275/13-2, 276/1എ-18 എന്നിവയിൽപ്പെട്ട 75 സെന്റ് സ്ഥലം അക്വയർ ചെയ്ത വകയിൽ എൽ.എ.ആർ 22/94 -ാം നമ്പർ കേസിൻമേലുള്ള ഇ.പി. 52/2009-ാം നമ്പർ കേസിലെ വിധി ന്യായം പ്രകാരം പാലാ സബ്കോടതി മുമ്പാകെ ഒടുക്കുന്നതിനായി മുത്തോലി, അകലകുന്നം, കൊഴുവനാൽ ഗ്രാമ പഞ്ചായത്തുകൾ വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള വിഹിതമായ 20,65,697/- രൂപ (ഇരുപത് ലക്ഷത്തി അറുപത്തി അയ്യായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപാ മാത്രം) ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ആർ. സുരേശൻ,
ഡെപ്യൂട്ടി സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ജില്ല
മാനേജിംഗ് ഡയറക്ടർ, കേരളാ വാട്ടർ അതോറിറ്റി, തിരുവനന്തപുരം
സെക്രട്ടറി, മുത്തോലി/അകലകുന്നം/കൊഴുവനാൽ ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ/എഫ്.എം) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്), തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.